9-ാം വർഷം
2026
മാർച്ച് 1, 2026
നോമ്പ് മൂന്നാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



ഉള്ളിലേക്ക് പ്രവേശിക്കുവാൻ

നിയമ: 15: 7-15, തോബി 12: 6-15, 2 കോറി 8: 9-15, മത്തായി 6: 1-8, 16-18

കോളേജിന്റെ ഇടനാഴികകളിൽ വിപ്ലവത്തിന്റെ മുഷ്ടി വാനിലെക്കുയർത്തി നടന്ന ഒരു ചെറുപ്പക്കാരൻ, പിന്നീട് അതെ തീക്ഷ്ണതയോടെ പത്രപ്രവർത്തനത്തിലെക്ക് നടന്നുകയറി. അങ്ങനെ കുംഭമേള റിപ്പോർട്ട് ചെയ്യാൻ പ്രയാഗിലെത്തി. അപരിഷ്കൃതരെന്നു അതുവരെ കരുതി അവജ്ഞയോടെ താൻ വീക്ഷിച്ച ആ മനുഷ്യരെ കണ്ടനേരം, പ്രാക്തനമായ ഒരു മൂർച്ഛയിൽ അയാൾ തന്റെ ഉള്ളിൽ എന്തോ നടക്കുന്നതായി പരിഭ്രമത്തോടെ മനസ്സിലാക്കി. അയാളുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ, പുറമേ അലഞ്ഞു നടക്കാതെ ഉള്ളിലേയ്ക്ക് പ്രവേശിക്കാൻ സമയമായി എന്നൊരാൾ ഉള്ളിൽ മൃദുവായി മന്ത്രിക്കുന്നത് അയാൾക്ക് കേൾക്കാമായിരുന്നു. അവിടെവച്ച് തന്നിലേക്കുള്ള യാത്ര അയാൾ തുടങ്ങി. വിപ്ലവകാരിയിൽ നിന്നും സന്യാസിയിലേക്ക് അയാൾ യാത്രയാരംഭിച്ചു. മൌനത്തിന്റെ വാല്മീകമുടഞ്ഞു. രത്നാകരൻ വാൽമീകിയായി മാറുകയാണ്.

“ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെവച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിത്തോട്ടങ്ങൾ നൽകും. ആഖോർ താഴ്വര ഞാൻ പ്രത്യാശയുടെ കവാടമാക്കും. അവളുടെ യുവത്വത്തിലെന്നപോലെ, ഈജിപ്തിൽ നിന്ന് അവൾ പുറത്തുവന്നപ്പോഴെന്ന പോലെ, അവിടെവച്ച് അവൾ എന്റെ വിളി കേൾക്കും. കർത്താവ്



സന്തോഷ് ചുങ്കത്ത്

അരുളിച്ചെയ്യുന്നു: അന്നു നീ എന്നെ പ്രിയതമൻ എന്നുവിളിക്കും..... (ഹോസിയ 2: 14)

യാക്കോബിനെയും,ജോനായെയുംപോലെ കുറെയേറെപ്പേർ ആളറിയാതെ അവനുമായി മല്ലിട്ടു. പക്ഷെ താൻ തീരുമാനിച്ചുറപ്പിച്ചവരെ അവൻ തന്റേത് മാത്രമാക്കി. ബഹളങ്ങളുടെ നടുക്ക് നിന്ന് അവൻ തനിക്കു വേണ്ടപ്പെട്ടവരെ, കടുവ തന്റെ കുഞ്ഞിനെ തൂക്കിയെടുക്കുന്നതുപോലെ കഴുത്തിന് പിടിച്ച് കാട് കടത്തി. പൌലോസിന്റെ കഴുത്തിൽ അവൻ അങ്ങനെയാണ് പിടിച്ചത്. അസീസിയിലെ ഫ്രാൻസിസിന്റെ കഴുത്തിലും അവന്റെ പിടി വീണു. മോശയുടെയും, ദാവീദിന്റെയും, പത്രോസിന്റെയും അങ്ങനെയങ്ങനെ പല ഒറ്റയാന്മാരുടെയും കാലിൽ അവൻ കുരുക്കിട്ട് വീഴ്ത്തി. തനിക്ക് സ്വന്തമാക്കി.

"പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു.....(മാർക്കോസ് 3: 13)

സ്വർഗ്ഗത്തിലെ വേട്ടപട്ടി (The Hound of Heaven) തന്നെ വേട്ടയാടിയതിനെപറ്റി മഹാനായ അഗസ്തീനോസ് പറയുന്നതും അത് തന്നെയാണല്ലോ. വേട്ടയ്ക്കനന്തരം അയാൾ ഇങ്ങനെ പറയുന്നു: "കർത്താവേ, അങ്ങ് അങ്ങേക്കുവേണ്ടി എന്നെ സൃഷ്ടിച്ചു; അങ്ങിൽ വിശ്രമം കണ്ടെത്തുന്നതുവരെ എൻറെ ഹൃദയം അസ്വസ്ഥമാണ്.... എത്ര വൈകിയാണ് ഞാൻ അങ്ങയെ സ്നേഹിച്ചത്, പുരാതനനും എന്നാൽ നിത്യനൂതനവുമായ സൗന്ദര്യമേ! എത്ര വൈകിയാണ് ഞാൻ അങ്ങയെ സ്നേഹിച്ചത്!'

ഇങ്ങനെയുള്ള സർവ്വപ്രതാപിയായ, സർവ്വത്തിന്റെയും ഉടയോനായ ദൈവതിരുമുമ്പിൽ നിന്നാണ് നമ്മുടെ ഈ 'മായം കളി'. കൊള്ളാം അല്ലെ!?

രഹസ്യങ്ങളിലേക്ക് കടക്കാൻ, തന്റെയൊപ്പമായിരിക്കാൻ, തന്റെ ഹൃദയത്തിന് അനുയോജ്യരായി അവരെ രൂപപ്പെടുത്താൻ വേണ്ടിയാണ് അവൻ അവരെ തന്നിലേക്ക് ആകർഷിച്ചത്. എപ്പോഴും പുരുഷാരങ്ങളുടെ വലുപ്പത്തിൽ അഭിരമിച്ചവനല്ല ദൈവം. വൃദ്ധനും ഏകാകിയുമായ അബ്രാഹത്തെ, ചതിയനായ യാക്കോബിനെ, കൂട്ടത്തിലെ സാധുവായ ജോസഫിനെ, വിക്കനായ മോശയെ, ദുർബ്ബലരും ഇമ്പൾസീവുമായ ഇസ്രായെൽക്കാരെ, ബാലനായ സാമുവേലിനെ, ആട്ടിടയനായ ദാവീദിനെ... ഗണികയായ താമാറിനെ... മുക്കുവരും ചുങ്കക്കാരുമായ കുറച്ച് ഗ്രാമീണരെ, തീക്ഷ്ണമതിയായ സാവൂലിനെ...അങ്ങനെയങ്ങനെ, അവന്റെ തെരഞ്ഞെടുപ്പുകൾ നോക്കൂ... ചെറിയ അജഗണത്തെയാണവൻ എന്നും ലക്ഷ്യം വച്ചത്. 'ഒരു വിശുദ്ധ ബീജം കണക്ക്, പാത്രത്തിലെ ഒരു തരി പുളിമാവ് കണക്ക്, മുറിച്ചിട്ടും അറ്റുപോവാത്ത തായ് വേര് കണക്ക്,... സകലത്തിനെയും കീഴ്മേൽ മറിക്കാൻ കരുത്തുള്ള കാതലുള്ള വൃക്ഷങ്ങളായി അവനവരെ രൂപപ്പെടുത്തി. കാറ്റിനെ അതിജീവിക്കുന്ന വലിയ വൃക്ഷങ്ങളായി അവയങ്ങനെ തലയുയർത്തി നിന്നു. ചെറിയ അജഗണം..! അവൻ ചെറു കൂട്ടങ്ങളുടെ കുശവനായിരുന്നു. ആർക്കും വേണ്ടാത്ത കളിമണ്ണിൽ നിന്ന് ശ്രേഷ്ഠമായ പാത്രങ്ങൾ നിർമ്മിച്ച കുശവൻ. ഉപേക്ഷിച്ചുകളഞ്ഞ കല്ലിൽ നിന്നും ഗോപുരങ്ങളെ പടുത്തുയർത്തിയവൻ, ശക്തനും യുദ്ധവീരനുമായ കർത്താവ്! "ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടരുത്; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു"

അതുകൊണ്ടാണ് അവൻ പിന്നെയും പിന്നെയും നമ്മോടാവശ്യപ്പെടുന്നത്:

രഹസ്യമായി നൽകുവിൻ ...

രഹസ്യമായി നിന്റെ പിതാവിനോടു പ്രാർഥിക്കുവിൻ..

അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതെ ഉപവസിക്കുവിൻ

രഹസ്യങ്ങൾ അറിയുന്ന പിതാവ് അത് കാണുന്നുണ്ട്.

ദൈവ-മനുഷ്യ ബന്ധം സ്വകാര്യമായ, ഏറ്റവും പവിത്രമായ തീവ്രാനുരാഗം പോലെ ഒന്നായി മാറേണ്ടതുണ്ട് എന്ന് വചനം ഓർമിപ്പിക്കുകയാണ്.

അവിടെയാരും ചോദിക്കുന്നില്ല, ഒന്നും പറയുന്നുമില്ല. നീയും ഞാനും ഇല്ല. നമ്മൾ മാത്രം. മൌനം വാചാലമായി മാറുന്നത് അപ്പോഴാണ്. പരിപൂർണ്ണമായ ലയം.!

അന്ധനായ സൂർദാസ് എന്ന ഭക്തകവിയുടെ പരിപൂർണ്ണ സമർപ്പണത്തിൽ പ്രസാദിച്ച് ഈശ്വരൻ പ്രത്യക്ഷപെട്ട് അയാൾക്ക് കാണുവാനുള്ള വരം നൽകി. ഈശ്വരനെ ദർശിച്ച മാത്രയിൽ സൂർദാസ് മൊഴിഞ്ഞു. 'ഇനിയങ്ങ് എന്റെ കാഴ്ച തിരികെയെടുക്കണം. അങ്ങയെകണ്ട കണ്ണുകൾകൊണ്ട് ഇനിയെനിക്കൊന്നും കാണേണ്ടതില്ല."

അങ്ങല്ലാതെ എന്നിൽ മറ്റെന്തെങ്കിലും അവശേഷിക്കുന്നുവെങ്കിൽ അതങ്ങ് നിശേഷം എടുത്തു മാറ്റണെ...

പൂർണ്ണത്തിൽ നിന്നും പൂർണ്ണത്തെ എടുക്കുമ്പോഴും പൂർണ്ണം തന്നെ അവശേഷിക്കുന്ന മാന്ത്രികത. ഒന്നും കുറയുകയും കൂടുകയോ ചെയ്യുന്നില്ല. ഈ വൈയക്തികമായ അനുഭവത്തിലേക്ക് കടക്കാനാണ് സാധകനോട് ഉടയോൻ ആവശ്യപ്പെടുന്നത്.

പരീക്ഷയുടെ ദിവസങ്ങളിൽ സകലവന്മാരും മാതാവിന്റെ രൂപത്തിന് മുമ്പിൽ മെഴുതിരികത്തിക്കുന്നതിന്റെയും പ്രാർഥിക്കുന്നതിന്റെയും തള്ളും തിരക്കും നോക്കിനിന്ന് കോളേജിലെ സഹപാഠിയായ മൻസൂർ പറയും 'എന്താ ഈ പഹെന്മാരുടെയൊക്കെ വിചാരം. ഇതുവരെ ഇവിടേക്ക് ഒരെണ്ണം തിരിഞ്ഞുനോക്കാറില്ല. ഈ പടച്ചോനെന്താ പൊട്ടനാ ന്നാ..? സകലവന്മാരും വായുംനോക്കി നടന്ന്, പഠിക്കൂം ല്ല്യ.. മറ്റുള്ളോരെ പഠിക്കാനും സമ്മതിക്കൂല്യ..ന്നിട്ടിപ്പോ ഈ നേരത്ത് വന്ന് അവന്റെയൊക്കെ ഒരു മെഴുതിരീം പ്രാർഥനേം.. അങ്ങേർക്കെന്താ അവിടെ പവർക്കട്ടാണല്ലോ...പോയിനെടാ എല്ലാം"

രഹസ്യങ്ങളുടെ കലവറസൂക്ഷിപ്പുകാരൻ ഏറ്റവും വെറുക്കുന്നത് കപടനാട്യമാണ്. ഹിപ്പോക്രസി. 'കർത്താവേ കർത്താവേ എന്ന് എന്നെ വ്യർഥാ വിളിക്കുന്നവനല്ല," എന്നവൻ മുന്നറിയിപ്പ് തരുന്നതിന് കാരണം വെറുംവാക്കുകളാലല്ല ആത്മാവിലും സത്യത്തിലും തന്നെ ആരാധിക്കുന്നവരെയാണ് താൻ ഉറ്റുനോക്കുന്നത് എന്നുള്ളതുകൊണ്ടാണ്. അതിനാൽ തന്നെ അവൻ ആ പട്ടിക നിരത്തുന്നത് നോക്കൂ:

മറ്റുള്ളവരെ കാണിക്കാൻവേണ്ടി സത്കർമ്മങ്ങൾ ചെയ്യുക

മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻവേണ്ടി ഭിക്ഷനല്കുമ്പോൾ കാഹളമൂതുക

മറ്റുള്ളവരെ കാണിക്കാൻവേണ്ടി തെരുവുകളിൽ പ്രാർഥിക്കുക

പ്രാർഥിക്കുമ്പോൾ അതിഭാഷണം നടത്തുക

ഉപവസിക്കുമ്പോൾ വിഷാദഭാവം നടിക്കുക

ഒറ്റവാക്കിൽ പറയാം 'തട്ടിപ്പും മത്തങ്ങയും കൊണ്ട്' അവന്റെ അടുത്തേക്ക് ചെന്നേക്കരുത്.

പിന്നെ, ബഹളങ്ങളിൽനിന്ന്, വെടിയും പുകയിലും നിന്ന്, കാതടപ്പിക്കുന്ന ശബ്ദഘോഷങ്ങളിൽനിന്നും വർണ്ണങ്ങളിൽനിന്നും പുറത്തുവരിക. നിശബ്ദതയിൽ ദൈവത്തെ തേടുക.

"കർത്താവു കടന്നുപോയി. അവിടുത്തെ മുൻപിൽ മലകൾ പിളർന്നും പാറകൾ തകർത്തും കൊണ്ടു കൊടുങ്കാറ്റടിച്ചു; കൊടുങ്കാറ്റിൽ കർത്താവില്ലായിരുന്നു. കാറ്റുകഴിഞ്ഞു ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. ഭൂകമ്പത്തിനു ശേഷം അഗ്നിയുണ്ടായി. അഗ്നിയിലും കർത്താവില്ലായിരുന്നു. അഗ്നി അടങ്ങിയപ്പോൾ ഒരു മൃദുസ്വരം കേട്ടു.

അപ്പോൾ ഏലിയാ മേലങ്കികൊണ്ടു മുഖം മറച്ചു, പുറത്തേക്കുവന്ന്, ഗുഹാമുഖത്തുനിന്നു. അപ്പോൾ അവൻ ഒരു സ്വരം കേട്ടു: ഏലിയാ, നീ ഇവിടെ എന്തു ചെയ്യുന്നു?" (1 രാജാ 19: 11-13).

പ്രിയ സുഹൃത്തേ, ആത്മാവിന്റെ ഈ മന്ത്രണം കേൾക്കണോ? നീ നിൽക്കുന്നയിടങ്ങളിലെ ബഹളങ്ങളിൽ നിന്നും പുറത്തുകടക്കുക. നിന്റെ ഉള്ളിൽ നിന്നും പുറത്ത് കടക്കുക. നീ നിന്നിൽ തന്നെയായിരിക്കുമ്പോൾ, അവന് നിന്നിൽ പ്രവേശിക്കാനോ, അവനിലേക്ക് നിനക്ക് പ്രവേശിക്കുവാനോ കഴിയുന്നതെങ്ങനെ?

അതിനെന്ത് ചെയ്യണം?

ആത്മാവിന്റെ ഉടമസ്ഥനുമായി ഇനിയെങ്കിലും ബന്ധം സ്ഥാപിക്കുക. അവന്റെ സ്വരത്തിനായി അൽപനേരം കണ്ണുംപൂട്ടി സ്വസ്ഥമായിരിക്കുക. വലിയ



ബഹളങ്ങൾക്കിടയിൽ നിന്ന് അല്പനേരത്തേക്കെങ്കിലും പുറത്തേക്ക് കടക്കുക. ഈ യാത്ര നൽകുന്ന ഒരനുഭൂതിയുണ്ട്, അതുകൊണ്ടാണ് പൌലോസ് അപ്പസ്തോലൻ ഇങ്ങനെ എഴുതിയത്, 'അവനെ പ്രതി ഞാൻ സകലതും ഉച്ചിഷ്ടമായി കരുതുന്നു..' എന്ന്. ശരിയായ സമാധാനത്തെ നേടാൻ, ആത്മാവിന്റെ ഉടയോനെ കാണാൻ കഴിഞ്ഞാൽ പിന്നെ കണ്ണുകൾ എന്തിനാണ്? ആ പഴയ സിനിമാഗാനം പോലെ, "കണ്മണി നീയെൻ കരം പിടിച്ചാൽ പിന്നെ കണ്ണുകളെന്തിനു വേറെ, എനിക്ക്?" 'ശ്ലീഹന്മാരെപോൽ തൊണ്ടയിടറി നമ്മളും പറയും 'ജീവന്റെ ഉറവയായ നിന്നെ വിട്ട് ഞങ്ങൾ എവിടെ പോകും?'

ആ തിരിച്ചറിവിലേക്കുള്ള നിന്റെ മടക്കയാത്ര ഈ നോമ്പുകാലത്തെങ്കിലും തുടങ്ങാൻ വൈകരുതെ എന്നത് മാത്രമാണ് ഈ വചനവും നമ്മെ ഓർമ്മപെടുത്തുന്നത്.

പ്രാർഥിക്കാൻ അറിയില്ലെന്ന് സങ്കടപെട്ട തെരുവിന്റെ സന്തതിയോട് അസ്സീസിയിലെ നിസ്സ്വൻ ഇങ്ങനെ പറഞ്ഞു: നീ തെരുവിൽ നിന്നും പഠിച്ചതെന്തോ അതവിടെ, കാണിച്ചാൽ മതി' എന്നും പറഞ്ഞ് അവനെ അകത്താക്കി ദേവാലയത്തിന്റെ വാതിൽ പതുക്കെ ചാരി. തിടുക്കത്തിൽ പള്ളിയിലേക്ക് കേറാനൊരുങ്ങിയ സഹോദരരിൽ ഒരുവനെ തടഞ്ഞുക്കൊണ്ട് അയാൾ പറഞ്ഞു "ശല്യം ചെയ്യേണ്ട, ഞാൻ കണ്ടത്തിൽ വച്ചേറ്റവും മനോഹരമായ ഒരു പ്രാർഥനയാണ് അവിടെ രഹസ്യത്തിൽ നടക്കുന്നത്'

ശാന്തഗംഭീരമായ ദേവാലയത്തിന്റെ നടുമുറ്റത്ത് ഉണ്ണിയേശുവും ആ തെരുവു ചെറുക്കനും കൂടെ ചെപ്പും പന്തും കളിച്ചു.

മംഗളം:

വള്ളുവനാട്ടിൽ ഇത് പൂരക്കാലമാണ്. വർണ്ണങ്ങളുടെ കുടമാറ്റക്കാലം. അങ്ങനെയുള്ള വർണ്ണകാഴ്ചകളിൽ കണ്ണുടക്കി പോകുമ്പോൾ, അതാ നാട്ടുവരമ്പിൽ നിന്നൊരു ദേവതാവേഷീ മേളക്കാരന്റെ അകമ്പടിയോടെ തൊടിയിലേക്ക് കയറുന്നു. മുറ്റത്തൊരു കൊച്ചുമിടുക്കൻ, അച്ചൻ വാങ്ങി കൊടുത്ത കളി ചെണ്ടയിൽ മേളം തകർക്കുകയാണ്. വേഷക്കാർ ഒരു നിമിഷം അവിടെ നിന്നു. അവന്റെ മേളത്തിനൊത്ത് പതിയെ അവർ ചുവടുകൾ വയ്ക്കാൻ തുടങ്ങി. ഒരു കുഞ്ഞാകാശം നിറയെ വർണ്ണപൂത്തിരി മേളം.

ദൈവമെന്ന് പറഞ്ഞാൽ പൂക്കുകയും തളിർക്കുകയും ചെയ്യലാണെന്ന് പറഞ്ഞത് നിക്കോസ് കസാന്ദ് സക്കിസ് ആണല്ലോ അല്ലെ.

(കുവൈറ്റിൽ അധ്യാപകനും ഗാനരചയിതാവും എഴുത്തുകാരനുമാണു ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com